കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണവകുപ്പ് - കോട്ടക്കൽ നഗരസഭ - 15 ബിൽ കളക്ടർമാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇ.യു.)വകുപ്പ്

സ.ഉ.(സാധാ.)നം.2965/2016/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 31.10.2016

---

പരാമർശം : 1) 09.02.2016 ലെ സ.ഉ.(സാധാ.)നം. 518/2016/ത.സ്വ.ഭ.വ

2) കോട്ടക്കൽ നഗരസഭ കൗൺസിലിന്റെ 26.09.2016 ലെ 20-ം നമ്പർ തീരുമാനം.

3) കോട്ടക്കൽ നഗരസഭ ചെയർമാന്റെ 04.10.2016 തീയതിയിലെ ആർ1-11745/16 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തൃക്കാക്കര നഗരസഭയിൽ മൂന്ന് മാസ കാലയളവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ 15 ബിൽ കളക്ടർമാരെ നിയമിച്ച് ഉത്തരവായ പരാമർശം 1 ലെ ഉത്തരവിന്റെ മാതൃകയിൽ കോട്ടക്കൽ മുനിസിപ്പാലിറ്റിയിലും 15 താൽക്കാലിക ബിൽ കളക്ടർമാരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകണമെന്നു, കോട്ടക്കൽനഗരസഭ ചെയർമാൻ കൗൺസിൽ തീരുമാനം സഹിതം പരാമർശം 3 ലെ കത്ത്പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരിക്കുന്നു.

കോട്ടക്കൽനഗരസഭയിൽ താൽക്കാലിക ബിൽ കളക്ടർമാരെ നിയമിക്കേണ്ടതിന്റെ ആവശ്യകത പരാമർശം 3 ലെ കത്തിൽ വിവരിച്ചിരിക്കുന്നത് 26.02.2016 ലെ GO(P) 28/2016/Fin നമ്പർ ഉത്തരവ് സഹിതം സർക്കാർ വിശദമായി പരിശോധിച്ചു. ഈ ആവശ്യം അംഗീകരിക്കേണ്ടതാണെന്ന് സർക്കാർ കാണുന്നു.ഈ സാഹചര്യത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി ഇതിലേക്കാവശ്യമായ ചെലവ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കണമെന്നുള്ള വ്യവസ്ഥയിൽ കോട്ടക്കൽനഗരസഭയിൽ15 ബിൽ കളക്ടർമാരെ മൂന്ന് മാസക്കാലയളവിലേക്ക് താല്ക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം

അബുൾ കലാം എം

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.